നുമക്ക് ചോദിക്കാം അങ്ങേയ്ക്ക് അറിയാം. അങ്ങേയ്ക്ക് നല്ലവണ്ണം അറിയാം. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അല്ലാതെ മറ്റൊരു ചർച്ചയുമില്ല. പ്രൊഫ. താമരാക്ഷൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ഞാൻ ആൻസർ ചെയ്തു, നിങ്ങളുടെ വികാരങ്ങൾ ഇപ്പോൾ ഇവിടെ പ്രകടിപ്പിച്ചല്ലോ, ഇവിടെ ബഡ്ജറ്റ് ചർച്ചയ്ക്കുള്ള അവസരമുണ്ട്, രണ്ട് മണിക്കൂർ സമയമുണ്ട്, നമുക്ക് ചർച്ച ചെയ്യാം. മറുപടി പറയേണ്ടവർ മറുപടി പറയും. അതിനുള്ള അവസരമുണ്ട്. സഭാനടപടികൾ അതിന്റെ പേരിൽ തടസ്സപ്പെടരുത്. പത്ത്-നാൽപ്പത് സബ്മിഷൻസ് ഉണ്ട്. അത് കൃാൻസൽചെയ്ത് മറ്റ് ബിസിനസ്സിലേയ്ക്ക് പോകേണ്ടതായിട്ടുവരും. ദയവുചെയ്ത് സഹകരിക്കണം. ഇങ്ങനെ പറഞ്ഞിട്ടെന്താണ് കാര്യം; എന്താണ് പ്രയോജനം? നിങ്ങളുടെ വികാരം പ്രകടിപ്പിച്ചു, മനസ്സിലായി, അവസാനിപ്പിക്കുക, കാര്യം നടക്കാൻ മറ്റ് മാർഗ്ഗങ്ങളില്ലേ? മറ്റ് മാർഗ്ഗങ്ങളുണ്ട്. നമുക്ക് പരിഹാരമുണ്ടാക്കാം. ചർച്ചയ്ക്കുള്ള അവസരമുണ്ട്. പ്ലീസ്..... പ്ലീസ്, (വീണ്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു).

(2) ദൃശ്യമാധ്യമങ്ങളിലെ ജേർണലിസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ നൽകൽ

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, വാർത്താമാധ്യമങ്ങളിൽ ദൃശ്യ മാധ്യമങ്ങൾക്കുള്ള പങ്ക് ഞാൻ ഈ സഭയിൽ ബോദ്ധ്യപ്പെടുത്തേണ്ട കാര്യമില്ല, ഏഷ്യാനെറ്റ്, സൂര്യ ടി.വി. തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജേർണലിസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ചുള്ള പലരുടേയും അപേക്ഷകൾ കഴിഞ്ഞ നാല് അഞ്ച് വർഷമായി പെൻഡിംഗിൽ കിടക്കുകയാണ്. ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ലെന്നാണ് സംസ്ഥാന ഗവൺമെന്റ് ആദ്യം പറഞ്ഞത്. അതുകഴിഞ്ഞ് ഗവൺമെന്റ് ഒരു കമ്മിറ്റിയെ വയ്ക്കുകയും അക്രെഡിറ്റേഷൻ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഏഷ്യാനെറ്റിലെ സുരേഷ് പട്ടാമ്പിയെന്ന ജേർണലിസ്റ്റിന്റെ അപേക്ഷ പെൻഡിംഗിൽ കിടക്കുകയാണ്. അതിനുശേഷം കൈരളിയിൽ.....

മി. സ്പീക്കർ : ഓരോ വാക്ക് പറഞ്ഞ് അവസാനിപ്പിക്കാം. അത്രയേ നടക്കൂ. ഇന്ന് എല്ലാപേർക്കും സബ്മിഷൻ ഉന്നയിക്കാൻ അവസരം തരാം. പക്ഷേ ഒറ്റ വാക്കേ പറയാവൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

പ്രൊഫ: എ. വി. താമരാക്ഷൻ : സർ, കൈരളി ചാനലിൽ അവരുടെ ആൾക്കാർക്ക് കൊടുത്തിരിക്കുന്നു. ഈ വിവേചനം അവസാനിപ്പിച്ചുകൊണ്ട് എല്ലാപേർക്കും അക്രെഡിറ്റേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏഷ്യാനെറ്റ് ദൃശ്യമാധ്യമത്തിൽ തിരുവനന്തപുരത്ത് ഒരു റിപ്പോർട്ടർ, ഒരു ക്യാമറാമാൻ, എന്നിവർക്കും കോഴിക്കോട് ഒരു റിപ്പോർട്ടർക്കും സൂര്യാ ടി.വിക്ക് തിരുവനന്തപുരത്ത് ഒരു റിപ്പോർട്ടർക്കും അക്രെഡിറ്റേഷൻ നൽകിയിരുന്നു. ഇലക്ട്രോണിക്

LIBRARY ARCHIVES Kerala Legislative Assembly

മാധ്യമങ്ങൾക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ചട്ടം ഉടൻതന്നെ നിലവിൽവരുന്നതാണ്. ചട്ടം നിലവിൽ വന്നശേഷം ഏഷ്യാനെറ്റ്, സൂര്യാ ടിവി എന്നിവയുൾപ്പെടെയുള്ള ഇല്ക്രടോണിക് മാധ്യമങ്ങളിലെ ജേർണലിസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സഭയുടെ നടുത്തളത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് നിന്നിരുന്ന പ്രതിപക്ഷാംഗങ്ങൾ ഈ സമയം മുദ്രാവാക്യം വിളിച്ചുകൊണ്ട് മറ്റു ചില പ്രതിപക്ഷാംഗങ്ങളോടൊപ്പം സഭയുടെ നടുത്തളത്തിൽനിന്നും സഭാകവാടത്തിലേയ്ക്ക് പോയി.)

(3) വികലാംഗരുടെ സെക്രട്ടേറിയറ്റ് നടയിലെ സത്യാഗ്രഹം

ശ്രീ. ജി. സുധാകരൻ: കേരളത്തിലെ വികലാംഗർക്ക് ചട്ടപ്രകാരം ലഭിക്കുന്ന 3 ശതമാനം സംവരണം പൂർണ്ണമായി ലഭിച്ചിട്ടില്ല. കുടിശ്ശിക നിയമനം പൂർത്തിയാക്കണം. താൽക്കാലിക നിയമനം കിട്ടിയിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അവരെ സ്ഥിരപ്പെടുത്താമെന്ന് വകുപ്പുമന്ത്രി പലതവണ പറഞ്ഞിട്ടുണ്ട്. അവരെ സ്ഥിരപ്പെടുത്തണം. 7-3-2001 മുതൽ വികലാംഗർ സെക്രട്ടേറിയറ്റ് നടയിൽ സത്യാഗ്രഹം നടത്തുകയാണ്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് ആ വർഷം ഡിസംബർ 31 വരെ സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ മുഴുവൻ? നടപടി സ്വീകരിക്കണം. അതിനാവശ്യമായ നിർദ്ദേശം ജില്ലാകളക്ടർമാർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, 1995-ലെ കേന്ദ്ര വികലാംഗ നിയമത്തിലെ 33-ാം വകുപ്പ് അനുസരിച്ച് വികലാംഗർക്ക് തുല്യ അവസരവും അവകാശവും സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ക്ലാസ് III, IV തസ്തികകളിൽ 3 ശതമാനം സംവരണവും ഏർപ്പെടുത്തികൊണ്ട് ജി.ഒ.പി. 20/98 പി. ആർ. ഡി. നമ്പർ പ്രകാരം 14-7-1998-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതാതു ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഒരു സെലക്ഷൻ കമ്മിറ്റി സീനിയോറിറ്റി, കമ്മ്യൂണൽ റൊട്ടേഷൻ എന്നിവ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഓഫീസർ ഹാജരാക്കുന്ന ലിസ്റ്റിൽനിന്നും ടെസ്റ്റും ഇന്റർവ്യൂവും നടത്തിയാണ് വികലാംഗരായിട്ടുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഈ ഉത്തരവ് പ്രകാരം 1998-ൽ 474 ഒഴിവുകളും 1999-ൽ 362 ഒഴിവുകളും 2000-ൽ 362 ഒഴിവുകളും സംവരണംചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വികലാംഗരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർ വേക്കൻസി ആവശ്യപ്പെടുമ്പോൾ ഉടനെ റിപ്പോർട്ടുചെയ്യാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള നിയമനങ്ങൾ സുഗമമായി നടത്തുന്നതിലേയ്ക്കും കുടിശ്ശിക ഉൾപ്പെടെയുള്ള നിയമനങ്ങൾ യഥാസമയം നടത്തുന്നതിലേയ്ക്കും State Commission for persons with Disabilities മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഇൻഡ്യൻ സ്വാതന്ത്ര്യ

LIBRARY ARCHIVES Kerala Legislative Assembly